# എസ്.സി.ഇ.ആർ.ടി. യുണിസെഫുമായി ചേർന്നു പ്രളയ ബാധിത പ്രദേശത്തെ സ്കൂളുകൾ കേന്ദ്രീകരിച്ചു നടപ്പാക്കുന്ന പ്രത്യേക കൗൺസിലിങ് പരിപാടി

സമാനതകളില്ലാത്ത കാലാവർഷക്കെടുതിക്കാണ് കേരളം കഴിഞ്ഞനാളുകളിൽ സാക്ഷ്യം വഹിച്ചത്. അപ്രതീക്ഷിതമായി അഭിമുഖീകരിക്കേണ്ടി വന്ന പ്രളയം ആളുകളിൽ ഉണ്ടാക്കിയ മാനസികമായ ആഘാതം വളരെ വലുതാണ്. പ്രളയദുരന്തത്തിനു ഇരയായവരും ഒപ്പം ദൃശ്യമാധ്യമങ്ങളിലൂടെ ഇതിനു സാക്ഷിയായവരും മാനസിക പിരിമുറുക്കം അനുഭവിക്കുന്നുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം നിരവധി ആളുകളിൽ പോസ്റ്റ് ട്രൂമാറ്റിക് സ്ട്രെസ് ഡിസോർഡർ എന്ന അവസ്ഥ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏറ്റവും അധികം ബാധിക്കുന്നതു കുട്ടികളെയാണ്. ഇത് തിരിച്ചറിയുകയും പരിഹരിക്കുകയും ചെയ്തില്ലെങ്കിൽ ഭാവിയിൽ കുട്ടിയുടെ ബൗദ്ധിക വളർച്ചയെ സാരമായി ബാധിച്ചേക്കാം. നിരവധി സാധ്യായ ദിനങ്ങൾ നഷ്ടപ്പെട്ടത് പൊതുവെ അധ്യാപകരെ മാനസിക സമ്മർദ്ദത്തിൽ ആക്കിയിട്ടുണ്ട്. മാത്രമല്ല പല അധ്യാപകരും ദുരന്തത്തിൽ ഉൾപ്പെട്ടവരുമാണ്. അധ്യാപകരെയും കുട്ടികളെയും സ്കൂളിന്റെ സജീവമായ അക്കാദമിക അന്തരീക്ഷത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ ചില ഇടപെടലുകൾ ഈ ഘട്ടത്തിൽ അനിവാര്യമാണ്. ഈ സാഹചര്യം പരിഗണിച്ചാണ് എസ്.സി.ഇ.ആർ.ടി. യൂണിസെഫുമായി ചേർന്ന് പ്രളയ ബാധിത പ്രദേശത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഒരു കൗൺസിലിങ് പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. റിക്രിയേഷണൽ കൗൺസിലിങ്ങിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഈ പരിപാടി ബാംഗ്ളൂർ നിംഹാൻസിന്റെ കൂടി സഹകരണത്തോടെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പാവകളി, നാടകം, സംഗീതം, നൃത്തം തുടങ്ങിയവയുടെയെല്ലാം സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനാന്തരീക്ഷത്തെ ഒരുക്കിയെടുക്കലാണ് ഈ പരിപാടിയുടെ പ്രധാന ഉദ്ദേശ്യം. അധ്യാപകരും വിദ്യാർത്ഥികളും അനുഭവിക്കുന്ന മാനസിക സമ്മർദ്ദത്തെ ലഘൂകരിക്കാനും ഒത്തൊരുമയുടെയും പ്രതീക്ഷയുടെയും അന്തരീക്ഷം സൃഷ്ടിച്ചെടുക്കാനും ഇതിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പരിപാടിയുടെ നടത്തിപ്പ്.

യുണിസെഫിന്റെയും നിംഹാൻസിന്റെയും വിദഗ്ധർ നയിക്കുന്ന ഒരു സംസ്ഥാന തല ശില്പശാല 2018 സെപ്റ്റംബർ 1 ,2 തീയതികളിൽ എസ്.സി.ഇ.ആർ.ടി. യിൽ സംഘടിപ്പിച്ചു. ഇതിൽ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട 25 പേർ പങ്കെടുത്തു. ഈ ശില്പശാലയിൽ രൂപപ്പെട്ട മൊഡ്യൂൾ അടിസ്ഥാനമാക്കിയാണ് തുടർന്നുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. തുടർന്ന് പ്രളയം ഏറ്റവും ബാധിച്ച ജില്ലകളായ ആലപ്പുഴ, പത്തനംതിട്ട,

എറണാകുളം ജില്ലകളിലെ തിരഞ്ഞെടുത്ത 50 അധ്യാപകരെ വീതം പങ്കെടുപ്പിച്ചുകൊണ്ട് പരിശീലകർക്കുള്ള പരിശീലനം സംഘടിപ്പിച്ചുവരികയാണ്. 2018 സെപ്റ്റംബർ 3, 4 ആലപ്പുഴ, 5 ,6 പത്തനംതിട്ട, 7 ,8 എറണാകുളം എന്നിങ്ങനെയാണ് പരിപാടി ക്രമീകരിച്ചിട്ടുള്ളത്. ഈ പരിശീലനത്തിൽ സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച അധ്യാപകർക്കൊപ്പം യുണിസെഫിന്റെയും നിംഹാൻസിന്റെയും വിദഗ്ധരും പങ്കെടുക്കുന്നുണ്ട് . ഈ അധ്യാപകരുടെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത ബി.ആർ.സി.കളിലായി 160 ക്ലസ്റ്ററുകൾ ആദ്യ ഘട്ടത്തിൽ സംഘടിപ്പിക്കും. രണ്ടു ദിവസത്തെ ക്ലസ്റ്റർ പരിശീലനം കൂടുതൽ സാധ്യായ ദിനങ്ങൾ നഷ്ടപ്പെടാതെ ശനി, ഞായർ ദിവസങ്ങൾ ഉൾപ്പെടുത്തി സംഘടിപ്പിക്കാനാണ് ആലോചിക്കുന്നത്. ആദ്യഘട്ടത്തിന്റെ ഫലപ്രാപ്തി വിലയിരുത്തി പ്രളയബാധിത പ്രദേശങ്ങളിലെല്ലാം ഈ മാതൃകയിൽ പരിപാടി സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലെ പ്രധാന ഘട്ടമാണ് ക്ലസ്റ്റർ തല പരിശീലങ്ങൾ. ശരിയായ ആസൂത്രണവും വിവിധ ഏജൻസികളുടെ ഏകോപനവും മേൽനോട്ടവും ഉണ്ടായാൽ മാത്രമേ 160 ക്ലസ്റ്ററുകളിലായി 8000 അധ്യാപകരെ പരിശീലിപ്പിക്കുന്ന പരിപാടി ഫലപ്രദമായും സമയബന്ധിതമായും പൂർത്തീകരിക്കാൻ കഴിയൂ. ചുവടെ പറയുന്ന മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണ്ട ക്രമീകരങ്ങൾ ഏർപ്പെടുത്താൻ ചുമതലപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ക്ലസ്റ്റർ സംഘാടനം – മാർഗനിർദ്ദേശങ്ങൾ**

1. ഒരു ക്ലസ്റ്റർ പരിശീലനത്തിൽ 50 അധ്യാപകരെയാണ് പങ്കെടുപ്പിക്കേണ്ടത്. സ്കൂളിലെ ആകെ അധ്യാപകരുടെ എണ്ണത്തിന് ആനുപാതികമായി വേണം പരിശീലനത്തിനുള്ളവരെ തിരഞ്ഞെടുക്കാൻ.ഒരു സ്കൂളിലെ എല്ലാ വിഭാഗങ്ങളിൽ നിന്നും ഉള്ള അധ്യാപകരെ ഉൾപ്പെടുത്തണം (എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്.) പരമാവധി ഒരു വിഭാഗത്തിൽ ഒരു സ്കൂളിൽ നിന്നും 3 പേരെ പങ്കെടുപ്പിച്ചാൽ മതിയാകും. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച മേഖലയിലെ സ്കൂളുകൾക്ക് മുൻഗണന നൽകാവുന്നതാണ്.
2. ഒരു ജില്ലയിൽ ToT വഴി 50 ഓളം പേരെ പരിശീലിപ്പിച്ചിട്ടുണ്ട്. ഇവരിൽ 3 പേരിൽ കുറയാത്ത ആളുകളെ ഉൾപ്പെടുത്തി 15 ടീമുകൾ രൂപീകരിക്കണം. ഈ ടീമുകൾ ആണ് ക്ലസ്റ്ററിലെ ആർ.പി.മാർ ആയി പ്രവർത്തിക്കേണ്ടത്. ഇവരെ ജില്ലയിലെ 15 കേന്ദ്രങ്ങളിലായി വിന്യസിക്കണം.
3. 50 പേർക്ക് ഇരിക്കാവുന്ന ഹാളും മറ്റ് സൗകര്യങ്ങളുമുള്ള സ്കൂളുകളെ ക്ലസ്റ്റർ കേന്ദ്രങ്ങളായി തിരഞ്ഞെടുക്കണം.
4. 50 പേർ വീതം പങ്കെടുക്കുന്ന 52 ക്ലസ്റ്ററുകൾ ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലും 56 ക്ലസ്റ്ററുകൾ എറണാകുളം ജില്ലയിലും സംഘടിപ്പിക്കണം. 3 ജില്ലകളിലുമായി 8000 അധ്യാപകരെ പരിശീലിപ്പിക്കാനാവും.

5. ഡയറ്റ് പ്രിൻസിപ്പൽ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സമഗ്ര ശിക്ഷ അഭിയാൻ ജില്ലാ പ്രൊജക്റ്റ് ഓഫീസർ, ഹയർ സെക്കന്ററി ആർ.ഡി.ഡി., വി.എച്ച്.എസ.ഇ. എ.ഡി., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോഡിനേറ്റർ എന്നിവർ സെപ്റ്റംബർ 10 നകം യോഗം ചേർന്ന് ജില്ലയിലെ ക്ലസ്റ്ററുകൾ സംബന്ധിക്കുന്ന വിശദാംശങ്ങൾ തീരുമാനിക്കണം. (തിരഞ്ഞെടുക്കുന്ന സ്കൂളുകൾ, ക്ലസ്റ്റർ കേന്ദ്രമാക്കാവുന്ന സ്കൂളുകൾ,ഓരോ സ്കൂളിൽനിന്നും പങ്കെടുക്കുന്ന അധ്യാപകരുടെ എണ്ണം എന്നിവ) ഇവരും ഡി.ഇ.ഓ., എ.ഇ.ഓ., ബി.പി.ഓ., എസ്.സി.ഇ.ആർ.ടി., സമഗ്ര ശിക്ഷ അഭിയാൻ എന്നിവയുടെ സംസ്ഥാന പ്രതിനിധികളും ഉൾപ്പെട്ട മോണിറ്ററിങ് ടീം പരിപാടികൾ വിലയിരുത്താനും ഏകോപിപ്പിക്കാനും വേണ്ടി പ്രവർത്തിക്കണം.
6. സെപ്റ്റംബർ 14 ,15 തീയതികളിൽ ആദ്യ ബാച്ചിന്റെയും 16 ,17 തിയതികളിൽ രണ്ടാം ബാച്ചിന്റെയും പരിശീലനം നടത്തണം. തൊട്ടടുത്ത വെള്ളി, ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ അടുത്ത ബാച്ചുകൾ ക്രമീകരിച്ച് സെപ്റ്റംബർ 25 നകം ജില്ലയിൽ അനുവദിച്ച എണ്ണം പൂർത്തിയാക്കണം.
7. ക്ലസ്റ്റർ കേന്ദ്രമായി തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാലയത്തിലെ കോഡിനേറ്റർക്ക് RTGS വഴി നടത്തിപ്പിന് അനുവദിച്ചിട്ടുള്ള തുക കൈമാറും. ചെലവ് കണക്കും വൗച്ചറുകളും ബാക്കി തുകയും പരിപാടി തീരുന്നതിന്റെ തൊട്ടടുത്ത പ്രവൃത്തിദിവസം ജില്ലാകോർഡിനേറ്ററുടെ ഓഫീസിൽ എത്തിക്കണം. സെന്റർ കോഡിനേറ്ററുടെ അക്കൗണ്ട് നമ്പർ, ബാങ്ക്, ഐ.എഫ്.എസ്.സി. കോഡ് എന്നിവ സെപ്റ്റംബർ 12 നകം എസ്.സി.ഇ.ആർ.ടി. യെ അറിയിക്കണം.
8. സാമ്പത്തിക ഇടപാടുകൾ പരിപാടി പൂർത്തിയാകുന്ന മുറക്ക് തന്നെ തീർപ്പാകുന്ന തരത്തിൽ ക്രമീകരണങ്ങൾ ചെയ്യാൻ എസ്.സി.ഇ.ആർ.ടി.യിൽ പ്രത്യേക ക്ലറിക്കൽ ടീം പ്രവർത്തിക്കും.

എസ്.സി.ആർ.ടി. ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ പരിപാടി തീരുന്നതിന്റെ തൊട്ടടുത്ത പ്രവൃത്തിദിവസം ജില്ലയിലെ കേന്ദ്രത്തിൽ എത്തുകയും സാമ്പത്തികഇടപാടുകൾ തീർപ്പാക്കുകയും ചെയ്യും .